**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **05-10-2021 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ. ആസ്തി വികസന ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം 2020-21 വരെ ആശുപത്രികൾക്കും പഞ്ചായത്ത്/ നഗരസഭകൾക്കും മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകിയിരുന്നോ എന്ന് വിശദമാക്കാമോ; | (എ) | ആസ്തിവികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 04/08/2018 ലെ സ.ഉ.(അച്ചടി)നം .119/2018/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ആംബുലൻസ് വാങ്ങൽ അനുവദനീയമല്ല. എന്നാൽ ബഹു.എം.എൽ.എ മാർ സമർപ്പിക്കുന്ന കത്തിലെ പ്രത്യേക സാഹചര്യങ്ങൾ പരിശോധിച്ച് ആംബുലൻസ് വാങ്ങുന്നതിന് ധനവകുപ്പ് പ്രത്യേക അനുമതി നൽകിയിട്ടുണ്ട് |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ മണ്ഡലത്തിലാണ് പ്രത്യേക അനുമതി നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, നെടുമങ്ങാട്, പാറശ്ശാല മണ്ഡലങ്ങളിലാണ് ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുള്ളത് |
| (സി) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ആസ്തിവികസന പദ്ധതി മാർഗരേഖകൾ പ്രതിപാദിക്കുന്ന 04/08/2018 ലെ സ.ഉ.(അച്ചടി)നം .119/2018/ധന ഉത്തരവിലും കോവിഡ് രോഗ പ്രവർത്തനങ്ങൾക്കായി എം.എൽ.എ ഫണ്ട് വിനിയോഗിക്കുന്നതുമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവായ സ.ഉ.(സാധാ)നം.2716/2020/ ധന,തീയതി 07/04/2020 ഉത്തരവിലും ആംബുലൻസ് വാങ്ങൽ ഉൾപ്പെട്ടിട്ടില്ലാത്ത പ്രവൃത്തിയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു.എം.എൽ.എ യുടെ ആവശ്യം നിരസിച്ച് കൊണ്ട് 12.09.2021 തീയതിയിലെ നം.1807632/NC-B2/37/2021-FIN കത്ത് പ്രകാരം മറുപടി നൽകിയിരുന്നു.(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ആയത് പ്രകാരമാണ് 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകാതിരുന്നത് |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

നമ്പർ.1807632/എൻ.സി.ബി2/37/2021-ധന

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്,
തിരുവനന്തപുരം,
തീയതി: 12/09/2021

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

**ശ്രീ.കെ.ആൻസലൻ**
**ബഹു.എം.എൽ.എ (നെയ്യാറ്റിൻകര)**
**വട്ടവിള പുത്തൻവീട്**
**ജനറൽ ഹോസ്പിറ്റൽ ജംഗ് ഷൻ**
**നെയ്യാറ്റിൻകര പി.ഒ**

സർ,

**വിഷയം:-** നെയ്യാറ്റിൻകര നിയോജകമണ്ഡലം - നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2021-22 - കോവിഡ്-19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി TATA യുടെ 7 മെഡിക്കൽ ആംബുലൻസ് വാങ്ങുന്നതിന് 77,36,788/- രൂപ അനുവദിക്കുന്നതിന് പ്രത്യേക അനുമതി - സംബന്ധിച്ച്

**സൂചന:-** 1. സ.ഉ.(അച്ചടി)നം.119/2018/ധന തീയതി 04/08/18
2. സ.ഉ.(സാധാ)നം.2716/2020/ധന, തീയതി:07/04/2020
3. 17.06.2020 തീയതിയിൽ അങ്ങ് ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച MLA/MEF/02/2021 നമ്പർ കത്ത്

സൂചനകളിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1),(2) ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും ആംബുലൻസ് വാങ്ങൽ അനുവദനീയമല്ലാത്ത പ്രവൃത്തി ആണ്. ആയതിനാൽ അങ്ങയുടെ 2021-22 വർഷത്തെ ആസ്തി വികസന നിധിയിൽ നിന്നും കോവിഡ്-19 രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 77,36,788/- രൂപ ചെലവഴിച്ച് TATA യുടെ 7 മെഡിക്കൽ ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി നൽകുവാൻ നിർവാഹമില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ,

**കെ.എസ്.ഉഷ**
**അഡീഷണൽ സെക്രട്ടറി**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി**

GCPT. 4/2098/2019/1,00,000/S-18.